# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2293 08.05.2017 ലെ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള ഫെറികൾ**

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ഫെറികൾ പ്രവർത്തിക്കുന്നുണ്ട്; അവയിൽ സീസൺ ഫെറികൾ എത്രയെന്നും സ്ഥിരം ഫെറികൾ എത്ര എന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ഡിവിഷനുകളുടെ കീഴിൽ 155 സ്ഥിരം ഫെറികളും, 21 സീസൺ ഫെറികളും ഉൾപ്പെടെ 176 ഫെറികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഫെറികൾ പ്രവർത്തിപ്പിക്കുന്നതിന്റെ മാനദണ്ഡം എന്താണ്; | (ബി) | പാലങ്ങളുടെ അഭാവവും, പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഒരു റോഡിൽ നിന്നും മറ്റ് ഭാഗത്ത് കടക്കാനായുള്ള ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും ടി മാർഗ്ഗം ആശ്രയിക്കുന്നവരുടെ എണ്ണവും അനുസരിച്ചാണ് കടത്തുകൾ പ്രവർത്തിപ്പിക്കുന്നത്. ഇത്തരത്തിൽ കടത്തുവള്ളങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ബന്ധപ്പെട്ട കനാൽ ഓഫീസറിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. |
| (സി) | വള്ളങ്ങളുടെ വാടക ഇനത്തിലും ഫെറിമാൻമാരുടെ ശമ്പളയിനത്തിലും ഒരു വർഷം എത്ര തുക ചെലവുണ്ടാകുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ഡിവിഷനുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ഫെറികളുടെ വാടക ഇനത്തിലും ഫെറിമാൻമാരുടെ ശമ്പളയിനത്തിലും ചെലവാകുന്ന തുക 7,53,79,883/- രൂപയാണ്. |
| (ഡി) | പല ഫെറികളിലും യഥാർത്ഥ ജീവനക്കാരനല്ല കടത്തുകാരായി ജോലി ചെയ്യുന്നതെന്നും സ്ഥിരം കടത്തുകാരൻ തുച്ഛമായ വേതനത്തിന് ഏർപ്പെടുത്തുന്ന ദിവസ വേതനക്കാരാണ് കടത്തുകൾ പ്രവർത്തിപ്പിക്കുന്നതെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് അന്വേഷണം നടത്തി കേരളാ സർവ്വീസ് റൂൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ഇ) ജലവിഭവ വകുപ്പിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലും സംസ്ഥാനത്ത് ഫെറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി ക്ക് കീഴിലുള്ള ഫെറികൾ തദ്ദേശസ്ഥാപനങ്ങൾക്ക് കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; കഴിഞ്ഞ 25 വർഷത്തിനുള്ളിൽ കടത്തുകൾക്ക് സമാന്തരമായി പാലങ്ങൾ നിർമ്മിച്ച സ്ഥിതിക്ക് പി.ഡബ്ല്യൂ.ഡി യുടെ കീഴിലുള്ള ഫെറികളുടെ ആവശ്യകത സംബന്ധിച്ച് പഠനം നടത്താൻ നടപടികൾ സ്വീകരിക്കുമോ?

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഫെറികൾ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനായി സർക്കാർ ഉത്തരവ് 09.03.2015 ലെ 18/2015/പൊ.മ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻമേൽ സർക്കുലർ നം.7985/ എ 2/ 2015/പൊ.മ.വ. തീയതി 30.03.2015 പ്രകാരം തൽക്കാലം നിർത്തിവയ്ക്കാൻ ഉത്തരവായിട്ടുണ്ട്. ഫെറികളുടെ ആവശ്യകതയെപ്പറ്റി വിശദമായ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(signature)
**സെക്ഷൻ ഓഫീസർ**